## പതിമൂന്നാം കേരള നിയമസഭ

## പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5247 — 27/07/2015 ൽ മറുപടിയ്ക്ക്

## സർവ്വേ വകുപ്പിന്റെ ആധുനികവൽക്കരണം

**ചോദ്യം**

ശ്രീ. എം.പി. വിൻസെന്റ്
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. വി.ഡി. സതീശൻ

(എ) സർവ്വേ വകുപ്പ് ആധുനിക വൽക്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

**മറുപടി**

ശ്രീ. അടൂർ പ്രകാശ്.
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖാന്തിരം സർവെ വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി റീസർവ്വേ റിക്കാർഡുകളുടെ സംരക്ഷണത്തിനും ഡിജിറ്റൈസേഷനുമായി സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ എന്ന ജി.ഐ.എസ്. അധിഷ്ഠിതമായ ഒരു മോഡേൺ ലബോറട്ടറി തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആയതിന്റെ സബ് സെന്ററുകളായി 12 ജില്ലകളിൽ മിഷന്റെ ജില്ലാതല ഡിജിറ്റൈസേഷൻ സെന്ററുകളുടെ ജോലി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല ഭരണകൂടത്തിന്റെ ആവശ്യം പരിഗണിച്ചും ജില്ല ഡിജിറ്റൈസേഷൻ സെന്ററുകളുടെ ആവശ്യം പരിഗണിച്ചും കഡാസ്ട്രൽ റെക്കോർഡുകൾ നഷ്ടമാകാതെ കൃത്യമായി സൂക്ഷിക്കുവാനും ആവശ്യ നേരത്ത് വേഗത്തിൽ എടുക്കുവാനും ഉതകുംവിധമുള്ള മോഡേൺ റിക്കാർഡ് റൂമുകൾ 12 എണ്ണം ജില്ലകളിൽ 1 വീതം പണി പുരോഗതിയിലുമാണ്. ടി സർവെ രേഖകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുവാനും വീണ്ടെടുക്കുവാനുമായി സ്റ്റോറേജ് സെർവറും അതിലേക്കുള്ള സോഫ്റ്റ്വെയർ സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാലപ്പഴക്കം ചെന്ന ഒറിജിനൽ സർവെ റിക്കാർഡുകളുടെ സംരക്ഷണവും, ഡിജിറ്റൈസേഷനും, ഓൺലൈനായി ജനത്തിന് ലഭ്യമാക്കലും ലക്ഷ്യം വച്ച് ഇ-രേഖ എന്ന പദ്ധതി കേരള

ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖേന നടപ്പാക്കി വരുന്നു.

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്;

(ബി) കേരള സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ കെൽട്രോൺ, സിഡ്കോ എന്നിവയുടെ സഹകരണത്തോടെ ടി പദ്ധതികൾ നടപ്പാക്കി വരുന്നു.

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

(സി) ഇ-രേഖ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവെ റിക്കാർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി ജി.ഐ.എസ്. അധിഷ്ഠിതമായ സോഫ്റ്റ്വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ സംവിധാനവും നൽകുന്നതിനുമുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ